**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കൽ എത്തിക്കുന്നതിൽ എന്തെങ്കിലും പ്രയാസം അനുഭവിക്കുന്നതായി നിർമ്മാണ കമ്പനി പരാതിപ്പെട്ടിട്ടുണ്ടോ; | (എ) | വിവിധ ക്വാറികളിൽ നിന്നും കരിങ്കൽ എത്തിക്കുന്നത് ശ്രമകരവും വിവിധങ്ങളായ പ്രയാസം നേരിടുന്നതുമായ പ്രവൃത്തിയായി കരാർ കമ്പനി പലപ്പോഴായി അറിയിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഏതാണ്ട് 84 ലക്ഷം ടൺ പാറ വേണ്ടി വരുന്ന ഈ പദ്ധതിക്ക്, വിവിധ ക്വാറികളെയും സ്രോതസ്സുകളെയും ആശ്രയിക്കേണ്ടിവരും. തിരുവനന്തപുരം, കൊല്ലം, തിരുനെൽവേലി (തമിഴ്നാട്) എന്നീ ജില്ലകളിൽ നിന്നും നിലവിലെ റോഡുകളിൽ കൂടി ഇത്ര ബൃഹത്തായ അളവിൽ പാറ എത്തിക്കുമ്പോൾ നിരവധി പ്രയാസങ്ങൾ തരണം ചെയ്യേണ്ടി വരുന്നുണ്ട്. പാറ കൊണ്ടുവരുന്നതിനുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിനായി വിവിധ തലങ്ങളിൽ സർക്കാർ നിയമപരമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |
| (ബി) | പാറകളുമായി എത്തുന്ന ലോറികളെ മോട്ടോർ വാഹന, ജിയോളജി, റവന്യൂ വകുപ്പുകൾ പരിശോധനയുടെ പേരിൽ തടഞ്ഞ് പിഴ ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പാറകളുമായി എത്തുന്ന ലോറികളെ മോട്ടോർ വാഹന, ജിയോളജി, റവന്യൂ വകുപ്പുകൾ പല അവസരങ്ങളിൽ പരിശോധിക്കാറുണ്ട്. പരിശോധനയിൽ നിയമ ലംഘനത്തിന് പിഴയും ഈടാക്കാറുണ്ട്. |
| (സി) | തുറമുഖ നിർമ്മാണത്തിലെ പ്രതിസന്ധികൾ പരിഹരിച്ച് എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ